# കേരള സർവകലാശാല

നം. പി.ആർ.118/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## റിസർച്ച് ജേർണലുകൾക്കുള്ള ഗ്രാന്റ്

റിസർച്ച് ജേർണലുകൾക്കുള്ള 2016-17 വർഷത്തിലെ ഗ്രാന്റ് അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 25. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഫാം ഫലം

2018 ജനുവരിയിൽ നടത്തിയ നാലാം വർഷ ബി.ഫാം(സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 8 വരെ അപേക്ഷിക്കാം.

## എം.എ/എം എസ്.സി മേഴ്സി ചാൻസ് പരീക്ഷ

2018 ജൂലൈ 30 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ/എം എസ്.സി മേഴ്സി ചാൻസ് പരീക്ഷകളുടെ ഓഫ്ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂൺ 4, 50 രൂപ പിഴയോടുകൂടി ജൂൺ 7, 125 രൂപ പിഴയോടുകൂടി ജൂൺ 12 വരെയും ഫീസടച്ച് അപേക്ഷിക്കാം.വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി .ബി.എസ് പരീക്ഷ

2018 ജൂൺ 18 ന് ആരംഭിക്കുന്ന രണ്ടാം വർഷ എം.ബി .ബി.എസ്(സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 1, 50 രൂപ പിഴയോടുകൂടി ജൂൺ 4,125 രൂപ പിഴയോടുകൂടി ജൂൺ 6 വരെയും അപേക്ഷിക്കാം.

## വിദൂരവിദ്യാഭ്യാസ വിഭാഗം -പഠനസാമഗ്രികൾ വിതരണം

തപാൽവകുപ്പ് പണിമുടക്കിയ സാഹചര്യത്തിൽ വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രത്തിലെ യു.ജി സ്വയംപഠനസാമഗ്രികൾ മെയ് 28,29 തീയതികളിലും പി. ജി സ്വയംപഠനസാമഗ്രികൾ മെയ് 30,31, ജൂൺ 1 തീയതികളിലും പാളയം എസ്.ഡി.ഇയിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## പരീക്ഷ മാറ്റിവച്ചു

2018 മെയ് 28 ന് നടത്താനിരുന്ന ഒന്നാം വർഷ ബി.കോം(ആന്വൽസ്കീം) പരീക്ഷയുടെ പേപ്പർ 1 -പ്രിൻസിപ്പിൾസ് ഓഫ് ബിസിനസ് ഡിസിഷൻസ് 2018 ജൂൺ ഒന്നിന് നടത്തുന്നതാണ്. പരീക്ഷ കേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## എൽ. എൽ.ബി പരീക്ഷ

നാലാം സെമസ്റ്റർ( ത്രിവത്സരം) എട്ടാം സെമസ്റ്റർ (പഞ്ചവത്സരം)(2011-12 അഡ്മിഷന് മുമ്പുള്ളത്) എൽ. എൽ. ബി പരീക്ഷകൾ 2018 ജൂൺ27 ന് ആരം ഭിക്കുന്നതാണ്. പിഴകൂടാതെ മെയ് 31 , 50 രൂപ പിഴയോടുകൂടി ജൂൺ2, 125 രൂപ പിഴയോടുകൂടി ജൂൺ 5 വരെയും അപേക്ഷിക്കാവുന്നതാണ്.

മേഴ്സിചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമേ 2000 രൂപ മേഴ്സിചാൻസ് ഫീസിനത്തിലും 200 രൂപ സി വി ക്യാമ്പ് ഫീസിനത്തിലും അടക്കേണ്ടതാണ്.

## ബി. ആർക്ക് ഫലം

2017 നവംമ്പറിൽ നടത്തിയ ബി ആർക്ക് കംബൈൻഡ് ഒന്നും രണ്ടും സെമ സ്റ്റർ സപ്ലിമെന്ററി (2013 സ്കീം), ഏപ്രിലിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി ആർക്ക് സപ്ലിമെന്ററി (2008 സ്കീം)പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പെൻഷൻ/ഫാമിലി പെൻഷൻ

സർവ്വകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരിൽ 2018-19 സാമ്പ ത്തിക വർഷത്തിൽ ഇതുവരെ മസ്റ്റർ ചെയ്യാത്തവർക്ക് 2018 ജൂൺ മാസം മുതൽ പെൻഷൻ/ഫാമിലി പെൻഷൻ വിതരണം ചെയ്യുന്നതല്ല.

## ബി.ടെക് പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം) റീസ്ട്രക്ചേർഡ് (2013 സ്കീം) പരീ ക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ മെയ് 26 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ മെയ് 31, 50 രൂപ പിഴയോടുകൂടി ജൂൺ 1, 125 രൂപ പിഴയോടു കൂടി ജൂൺ 2 വരെയും ഫീസടക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈ റ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
25.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in


University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098